**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ല – ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 6/8/2019, 31/8/2019 തീയതികളിലെ തീരുമാനങ്ങൾ - കേരള പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 191(2) പ്രകാരം ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർബി) വകുപ്പ്**

**സ.ഉ.(സാധാ) നം.530/2020/തസ്വഭവ തിരുവനന്തപുരം, തീയതി 03/03/2020.**

---

പരാമർശം:- 1) ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ 6/8/2019, 31/8/2019 തീയതികളിലെ യഥാക്രമം 4/1, 24/1 നമ്പർ തീരുമാനങ്ങൾ.

2) ഏഴിക്കര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 31/8/2019 തീയതിയിലെ എ 3-3/19 നമ്പർ കത്ത്.

**ഉത്തരവ്**

എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിൽ തീരദേശ മേഖലയിൽ സി.ആർ.ഇസഡ്. നിയമങ്ങളുടെ ലംഘനം നടത്തി നിർമ്മിച്ചിട്ടുള്ളതും, കെട്ടിട നമ്പർ അനുവദിക്കാത്തതുമായ നിർമ്മാണങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തീരുമാനം നൽകുന്നതിനുള്ള 6/8/2019 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ, പ്രസ്തുത രീതിയിൽ നിർമ്മാണം നടത്തപ്പെട്ട കെട്ടിടങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് തീരുമാനം എടുത്ത് നൽകുന്നതിനോ ആയത് നടപ്പിലാക്കുന്നതിനോ അധികാരമില്ലാത്തതാണെന്ന് സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയെ അറിയിക്കുകയുണ്ടായി. തുടർന്ന് 31/8/2019 ലെ പഞ്ചായത്ത് കമ്മിറ്റിയിലും 6/8/2019 ലെ കമ്മിറ്റി തീരുമാനം പുനരവലോകനത്തിനായി കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നുവെന്നും, കമ്മിറ്റി മുൻ തീരുമാനത്തിൽ തന്നെ ഉറച്ചു നിൽക്കുകയുമാണ് ഉണ്ടായിട്ടുള്ളതെന്നും, ആയതിനാൽ സെക്രട്ടറിയെ ചുമതലപ്പെടുത്തികൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സർക്കാരിന്റെ തീരുമാനത്തിനായി റഫർ ചെയ്യുന്നുവെന്നും സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത് അറിയിക്കുകയുണ്ടായി.

സർക്കാർ ഈക്കാര്യം വിശദമായി പരിശോധിച്ചു എറണാകുളം ജില്ലയിലെ ഏഴിക്കര ഗ്രാമപഞ്ചായത്തിലെ സി.ആർ.ഇസഡ്. മേഖലയിലെ അനധികൃത നിർമ്മാണങ്ങൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് തീരുമാനം നൽകണമെന്നാണ് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. തസ്വഭവ 16/11/2016 ലെ 170/2016/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കെട്ടിട നിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വാസ ഗൃഹങ്ങൾക്ക് യു.എ. നമ്പർ നൽകി താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, റേഷൻ കാർഡ്, വൈദ്യുതി കണക്ഷൻ, കുടിവെള്ള കണക്ഷൻ, വോട്ടർ പട്ടികയിൽ പേരു ചേർക്കൽ എന്നീ സേവനങ്ങൾക്ക്

മാത്രം ഉപയോഗിക്കാമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സെൻട്രൽ ഗവൺമെന്റ് പരിധിയിൽ വരുന്ന CRZ നിയമങ്ങളുടെ ലംഘനമായതിനാൽ അനുവാദം നൽകുവാൻ കഴിയുകയില്ല

മേൽ സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ട് (നിയമാനുസൃതമല്ലാത്ത പ്രമേയങ്ങളിൻമേൽ സ്വീകരിക്കേണ്ട നടപടി ക്രമം) സെക്ഷൻ 191 (4) പ്രകാരം പരാമർശം 1 ലെ ഏഴിക്കര ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ തീരുമാനം സ്റ്റേ ചെയ്തു കൊണ്ടും ആയത് 191(2) പ്രകാരം ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണലിന്റെ ഉപദേശത്തിനായി റഫർ ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജുകുമാർ. എൻ**
**ഡെപ്യൂട്ടി സെക്രട്ടറി**

സെക്രട്ടറി, ബഹു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ,
കോർട്ട് കോംപ്ലക്സ്, വഞ്ചിയൂർ, തിരുവനന്തപുരം (മുകളിൽ പരാമർശിച്ച പ്രമാണങ്ങൾ സഹിതം, ആമുഖ കത്തോടുകൂടി)
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
പ്രസിഡന്റ്, ഏഴിക്കര ഗ്രാമപഞ്ചായത്ത്
സെക്രട്ടറി, ഏഴിക്കര ഗ്രാമപഞ്ചായത്ത്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ